മന്ത്രിമാരുടെ ചെലവുകൾ

16 (671) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് നിലവിൽ വന്നശേഷം മന്ത്രിമാരുടെ ചെലവിനത്തിൽ ഓരോ സാമ്പത്തിക വർഷവും എന്തുതുക വീതം ചെലവായി;

(ബി) ശ്രീ. എ.കെ. ആന്റണി മുഖ്യമന്ത്രിയായിരുന്നപ്പോൾ ഓരോ മന്ത്രിമാർക്കും ഓരോ സാമ്പത്തിക വർഷവും എന്തുതുക വീതം ചെലവാക്കി;

(സി) ഈ ഗവൺമെന്റിന്റെകാലത്ത് മുഖ്യമന്ത്രിയുൾപ്പെടെ ഒരു മന്ത്രിക്കുവേണ്ടി ഇതുവരെ എന്തു തുക വീതം ശരാശരി ചെലവായിട്ടുണ്ട്;

(ഡി) മുൻ ഗവൺമെന്റിന്റെകാലത്ത് 1996 മേയ് മുതൽ മുമ്പോട്ടുള്ള ഇതേ കാലയളവിൽ മുഖ്യമന്ത്രി ഉൾപ്പെടെ ഒരു മന്ത്രിക്കുവേണ്ടി ശരാശരി എന്തുതുക വീതം ചെലവായിട്ടുണ്ട്;

(ഇ) ഈ ഗവൺമെന്റ് നിലവിൽ വന്നശേഷം മുഖ്യമന്ത്രിയുൾപ്പെടെയുള്ള മന്ത്രിമാരുടെ ഓഫീസിനും സ്റ്റാഫിനും വേണ്ടി എന്തു തുക ചെലവായിട്ടുണ്ട്;

(എഫ്) 1996 മേയ് മുതൽ മുമ്പോട്ടുള്ള ഇതേ കാലയളവിൽ മുഖ്യമന്ത്രി ഉൾപ്പെടെയുള്ള മന്ത്രിമാരുടെ ഓഫീസിനും സ്റ്റാഫിനും വേണ്ടി എന്തു തുക ചെലവായിട്ടുണ്ടെന്നും അറിയിക്കുമോ?

ഉത്തരം

(എ) ഈ ഗവൺമെന്റ് നിലവിൽവന്നതിനുശേഷം മന്ത്രിമാരുടെ ചെലവിനത്തിൽ ഓരോ സാമ്പത്തിക വർഷവും ചെലവായ തുകയുടെ താൽക്കാലിക കണക്ക് താഴെക്കൊടുത്തിരിക്കുന്നു.

1996-97	-	71,12,759/-രൂപ.
1997-98	-	1,52,98,591/- രൂപ.
1998-99	-	1,65,18,769/- രൂപ.
1999-2000	-	1,58,03,559/- രൂപ.

(ബി) ശ്രീ. എ.കെ. ആന്റണി മുഖ്യമന്ത്രി ആയിരുന്നപ്പോൾ 1995-96 സാമ്പത്തിക വർഷത്തിൽ താൽക്കാലിക കണക്ക് പ്രകാരം ആകെ 1,34,41,561/- രൂപ (ഒരു കോടി മുപ്പത്തിനാലുലക്ഷത്തി നാൽപ്പത്തിഒന്നായിരത്തി അഞ്ഞൂറ്റി അറുപത്തൊന്ന് രൂപ മാത്രം) ചെലവായിട്ടുണ്ട്.

(സി) ഈ ഗവൺമെന്റിന്റെ കാലത്ത് മുഖ്യമന്ത്രി ഉൾപ്പെടെ ഒരു മന്ത്രിക്കുവേണ്ടി താൽക്കാലിക കണക്കുപ്രകാരം 31.3.2000 വരെ ശരാശരി 39,09,548/- രൂപ (മുപ്പത്തി ഒമ്പതുലക്ഷത്തി ഒൻപതിനായിരത്തി അഞ്ഞൂറ്റി നാൽപ്പത്തിയെട്ട് രൂപ മാത്രം) ചെലവായിട്ടുണ്ട്.

(ഡി) മുൻഗവൺമെന്റുകളുടെ കാലത്ത് 1996 മേയ് മുതൽ പുറകോട്ടുള്ള നാലുവർഷക്കാലത്ത് മുഖ്യമന്ത്രി ഉൾപ്പെടെ ഒരു മന്ത്രിക്കുവേണ്ടി താൽക്കാലിക കണക്കുപ്രകാരം മെഡിക്കൽ റീഇംപേഴ്സ്മെന്റ് ഒഴികെ ശരാശരി 20,45,031/- രൂപ (ഇരുപതു ലക്ഷത്തിനാൽപ്പത്തി അയ്യായിരത്തി മുപ്പത്തൊന്ന് രൂപ മാത്രം) ചെലവായിട്ടുണ്ട്.

(ഇ) വിവരം ശേഖരിച്ചുവരുന്നു.

1180/2010.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്)വിവരം ശേഖരിച്ചുവരുന്നു.

മലയാളം ചാനലിന് ഡൽഹിയിലെ കേരളാഹൗസ് വിട്ടുകൊടുക്കുന്നത് സംബന്ധിച്ച്

17 (672) ശ്രീ. പി.ജെ. ജോയി :
ശ്രീ. വി.ജെ. പൗലോസ് :
ശ്രീ. ജോർജ് ജെ. മാത്യു :
ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതുതായി ആരംഭിക്കുന്ന മലയാളം ചാനലിന് ഡൽഹിയിലെ കേരള ഹൗസ് വിട്ടുകൊടുക്കുവാൻ സർക്കാർ തീരുമാനമെടുത്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അത് സംബന്ധിച്ച വ്യവസ്ഥകളും മറ്റും ഉൾക്കൊള്ളുന്ന കരാറിന്റെ ഒരു കോപ്പി ലഭ്യമാക്കുമോ;

(സി) ഇതിനായി സർക്കാരിന് അപേക്ഷ വല്ലതും ലഭിച്ചിരുന്നോ; എങ്കിൽ ആരിൽ നിന്നെല്ലാം ലഭിച്ചുവെന്ന് വ്യക്തമാക്കുമോ;

(ഡി) ട്രാവൻകൂർ ഹൗസ് ലഭിക്കാനായി മലയാളം ചാനൽ അധികൃതരിൽ നിന്നല്ലാതെ മറ്റാരിൽ നിന്നെങ്കിലും ഈ സർക്കാർ നിലവിൽ വന്ന ശേഷം അപേക്ഷ ലഭിച്ചിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ അവർക്ക് നൽകാതിരിക്കാനുള്ള കാരണം വിശദമാക്കുമോ;

(എഫ്) മലയാളം ചാനൽ സ്ഥാപനത്തിന് ഇക്കാര്യത്തിന് മുൻഗണന നൽകാനുള്ള പ്രത്യേക സാഹചര്യം എന്താണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം.

(എ) ഇല്ല.

(ബി)&(സി) ഉദിക്കുന്നില്ല.

(ഡി) ഉണ്ട്.

(ഇ) അപേക്ഷകൾ പരിശോധിച്ചുവരുന്നു.

(എഫ്)മുൻഗണന നൽകിയിട്ടില്ല.

ദളിത് ക്രൈസ്തവർക്ക് സംവരണാനുകൂല്യം

18 (673) ശ്രീ. കെ.എം. മാണി :
ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. സി.എഫ്. തോമസ് :
ശ്രീ. തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദളിത് ക്രൈസ്തവർക്ക് സംവരണാനുകൂല്യം ലഭിക്കുന്നതിനു വേണ്ടിയുള്ള നിവേദനത്തിൻമേൽ സംസ്ഥാന ഗവൺമെന്റിന്റെ അഭിപ്രായം ആരാഞ്ഞുകൊണ്ട് 1996-ൽ കേന്ദ്ര ഗവൺമെന്റിന് അയച്ച കത്തിന് മറുപടി നൽകിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly